**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3296 **19.10.2016-**ലെ മറുപടിക്ക്

<u>പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് വിതരണം ചെയ്ത തുക</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുക വിതരണം ചെയ്തുവെന്നും എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്നും വിശദമാക്കുമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2015-16 വർഷം 77,55,000/- രൂപ വിതരണം ചെയ്തു. 46 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. |
| (ബി) | പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് എത്ര തുക വിതരണം ചെയ്തു; എത്ര പേർക്ക് വീട്ടു വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ; | (ബി) | പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് 1,47,00,000/- രൂപ വിതരണം ചെയ്തു. വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി ഒരുമിച്ച് ധനസഹായം അനുവദിച്ചിട്ടില്ല. |
| (സി) | പട്ടികജാതി വിഭാഗങ്ങൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത മറ്റാനുകൂല്യങ്ങളുടെ തുകയും ലഭിച്ചവരുടെ ലിസ്റ്റും ലഭ്യമാക്കുമോ? | (സി) | പട്ടികജാതി വിഭാഗങ്ങൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത മറ്റാനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ആനുകൂല്യം ലഭിച്ചവരുടെ ലിസ്റ്റ് ക്രോഡീകരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ആനുകൂല്യം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | ടോയ്‌ലറ്റ് നിർമ്മാണം | 150 | 23,75,000/- |
| 2 | വിവാഹ ധനസഹായം | 30 | 15,00,000/- |
| 3 | മിശ്രവിവാഹ ധനസഹായം | 8 | 4,00,000/- |
| 4 | ചികിത്സാധനസഹായം | 507 | 89,08,000/- |
| 5 | ഭവന പുനരുദ്ധാരണം | 64 | 27,75,000/- |
| 6 | അയ്യങ്കാളി സ്കോളർഷിപ്പ് | 148 | 3,33,000/- |
| 7 | സ്വയംതൊഴിൽ പദ്ധതി | 2 | 1,45,000/- |
| 8 | പാരലൽ കോളേജ് ഗ്രാന്റ് | 62 | 4,43,385/- |
| 9 | സ്പെഷ്യൽ ഇൻസെന്റീവ് | 108 | 2,77,000/- |
| 10 | പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് | 947 | 18,94,000/- |

സെക്ഷൻ ഓഫീസർ